പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5013

24.10.2011- ൽ മറുപടിക്ക്

## കയർ വ്യവസായ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ കമ്മീഷന്റെ കയർ വ്യവസായ വികസനം ലക്ഷ്യമാക്കി, ആനത്തലവട്ടം ആനന്ദൻ ചെയർമാനായ കയർ കമ്മീഷൻ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പാക്കി; അതിനായി എത്ര ലക്ഷം രൂപ ചെലവഴിച്ചു; | (എ) കയർ കമ്മീഷൻ നൽകിയ ശുപാർശകളിൽ നടപ്പിലാക്കിയ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>• തൊണ്ട് സംഭരണ പദ്ധതി<br>• ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുക, പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുക. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി.<br>• സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനസഹായം നൽകി.<br>• ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ധന സഹായം നൽകി.<br>• വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തി<br>• കയർ പിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• കയർ സഹകരണ സംഘങ്ങൾക്കും, ചെറുകിട ഉല്പാദകർക്കും കടാശ്വാസ പദ്ധതി നടപ്പിലാക്കി. |

| | |
|---|---|
| | • ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തി. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തി.<br>• കയർഫെഡ് പുനരുദ്ധാരണം അംഗീകരിച്ചു, കയർഫെഡിൽ പ്രത്യേക യാൺ ഡിവിഷൻ രൂപീകരിച്ചു.<br>• കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറി, കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പി വി സി ടഫ്റ്റഡ് ഫാക്ടറി, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ പദ്ധതി തുടങ്ങി വൈവിധ്യവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു.<br>• കയർമേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു<br>• സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിച്ചു.<br>• വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. |

| | |
|---|---|
| | ഏകദേശം 8651.45 ലക്ഷം രൂപ മേൽ വിവരിച്ച ശുപാർശകൾ നടപ്പിലാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കിയതുവഴി നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (ബി) പ്രോജക്ട് ആഫീസർമാരുടെ പദ്ധതി അവലോകന യോഗത്തിൽ പുരോഗതികൾ വിലയിരുത്താറുണ്ട്. ത്രിഫ്റ്റ്/ഷെയർ മടക്കി നൽകിയത്, ഗ്രാറ്റുവിറ്റി നൽകിയത് തൊഴിലാളികൾക്കും സ്റ്റാഫിനും ആശ്വാസം നൽകിയിട്ടുണ്ട്. മറ്റു പദ്ധതികൾ പൊതുവിൽ ഈ മേഖലയ്ക്ക് പ്രയോജനം ചെയ്തിട്ടുണ്ട്. തൊണ്ട് സംഭരണ പദ്ധതിയും, കയർ കടാശ്വാസ പദ്ധതിയും പ്രായോഗിക തലത്തിൽ നടപ്പിലാക്കിയപ്പോൾ നേരിട്ട ചില വൈഷമ്യങ്ങൾ പരിഹരിക്കുന്നതിലേക്കായി ഈ രണ്ട് പദ്ധതികളുടേയും ഭേദഗതി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) അവശേഷിക്കുന്ന ശുപാർശകൾ കൂടി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ